**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1307** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കായിക മേഖലയിലെ പുതിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കായിക മേഖലയെ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ദേശീയ/അന്തർദേശീയതലത്തിൽ കേരള കായികതാരങ്ങളെ മുൻനിരയിലെത്തിക്കുവാനും കായിക മേഖലയെ മെച്ചപ്പെടുത്തുന്നതിനായും സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- ജില്ലാ സ്പോർട്സ് അക്കാദമികൾ, കോളേജ് സ്പോർട്സ് അക്കാദമികൾ, സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവയുടെ സ്ഥാപനവും പ്രവർത്തന ചെലവുകളും/മികച്ച സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
- സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്കുള്ള ഗ്രാന്റുകൾ സംസ്ഥാന ചാമ്പ്യൻഷിപ്പ് കോച്ചിംഗ് ക്യാമ്പ്, സംസ്ഥാനത്തിനകത്തും സംസ്ഥാനത്തിന് പുറത്തും ദേശീയ പങ്കാളിത്തം, ടിഎ/ഡിഎ മുതലായവ വിമാനക്കൂലി ഉൾപ്പെടെ ആവശ്യമുള്ളിടത്തെല്ലാം.
- ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി & കേരളത്തിലുടനീളമുള്ള കോർപ്പറേഷൻ സ്പോർട്സ് കാൺസിലുകളിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ
- സ്പോർട്സ് യൂണിഫോമുകൾ/ ട്രാക്ക് സ്യൂട്ടുകൾ/ സ്പോർട്സ് സാധനങ്ങൾ/ സ്പോർട്സ് ഉപകരണങ്ങൾ മുതലായവ വാങ്ങൽ.
- സെന്റർ ഓഫ് എക്സലൻസ് (എലൈറ്റ് പരിശീലന കേന്ദ്രം - അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, ഷട്ടിൽ ബാഡ്മിന്റൺ, ബോക്സിംഗ്, പവർലിഫ്റ്റിംഗ്, ഭാരോദ്വഹനം.
- ഓപ്പറേഷൻ ഒളിമ്പിയ 2028-2032
- കായിക ക്ഷമതാ മിഷൻ
- എല്ലാവർക്കും യോഗ
- മികച്ച കായികതാരങ്ങൾക്കുള്ള സ്കോളർഷിപ്പ്
- സ്പോർട്സ് കൗൺസിൽ അവാർഡുകൾ
- അണ്ടർ 14 സിഎം ഗോൾഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ നടത്തിപ്പ്
- ഡേ - ബോർഡിംഗ് സ്കീം

- കേരള ഗെയിംസ്
- വനിതാ ഫുട്ബോൾ അക്കാദമി
- ദേശീയ, അന്തർദേശീയ ചാമ്പ്യൻഷിപ്പുകളുടെ നടത്തിപ്പ് - കേരളത്തിൽ അന്താരാഷ്ട്ര മത്സരങ്ങൾ നടത്തൽ
- ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പും പങ്കാളിത്തവും
- വനിതാ വോളിബോൾ അക്കാദമി

കായിക മേഖലയെ മെച്ചപ്പെടുത്തുന്നതിനായി 2026-27 സംസ്ഥാന ബജറ്റിൽ മലബാറിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികൾ പുനരാരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**<u>ഗോൾ പദ്ധതി</u>**

കേരളത്തിലെ 12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഫുട്ബോളിൽ ശാസ്ത്രീയ പരിശീലനം നൽകി പ്രതിഭകളെ കണ്ടെത്തി വളർത്തുന്നതിനായി കായിക യുവജനകാര്യാലയം മുഖേന നടപ്പിലാക്കിയ പദ്ധതിയാണിത്. സംസ്ഥാനത്തെ 140 കേന്ദ്രങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് തീവ്രപരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024-ൽ പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിലിന് കൈമാറിയെങ്കിലും സാങ്കേതിക തടസങ്ങൾ കാരണം തുടരാനായില്ല; 2026-27 സാമ്പത്തിക വർഷം മുതൽ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**<u>കോംബാറ്റ് സ്പോർട്സ് - ഗ്രാസ് റൂട്ട് പ്രോഗ്രാം (പഞ്ച്, ജൂഡോക, തായ്ക്കോണ്ടോ)</u>**

തായ്ക്കോണ്ടോ, ബോക്സിംഗ്, ജൂഡോ തുടങ്ങിയ പോരാട്ട കായിക വിനോദങ്ങൾ വികസിപ്പിക്കുന്നതിലൂടെ കുട്ടികളെ സ്വയം പ്രതിരോധത്തിനായി സജ്ജരാക്കുകയും ദേശീയ, അന്തർദേശീയ ടൂർണമെന്റുകളിൽ മികവ് പുലർത്താൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ജൂഡോയ്ക്ക് ജൂഡോക്കയും ബോക്സിംഗിന് പഞ്ചുമാണ് നിർദ്ദിഷ്ട പദ്ധതികൾ. ഈ പരിപാടി 14 ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

**<u>ഹൂപ്സ് പദ്ധതി</u>**

ബാസ്കറ്റ്ബോൾ അടിസ്ഥാന തല വികസനത്തിനായി കേരളത്തിലെ 8-12 വയസ്സുള്ള കുട്ടികൾക്കായി 10 കേന്ദ്രങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയാണ്. ആരോഗ്യകരവും ഊർജ്ജസ്വലവും ഉത്തരവാദിത്തമുള്ളതുമായ സമൂഹം സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ കായിക യുവജനകാര്യാലയം ആരംഭിച്ചിട്ടുണ്ട്.

**<u>സ്പ്രിന്റ് പദ്ധതി</u>**

അത്‌ലറ്റിക്സിലെ മികവ് വളർത്തുന്നതിനായി നിലവിൽ 6 ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. സെലക്ഷൻ ട്രയൽസിലൂടെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക അത്‌ലറ്റിക്സ് പരിശീലനം നൽകുന്നു. പദ്ധതി 14 ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**<u>സ്പ്ലാഷ് പദ്ധതി</u>**

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർഥികൾക്ക് നീന്തൽ പരിശീലനം നല്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ സ്പ്ലാഷ്, പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് നടപ്പിലാക്കിയിരുന്നത്. കോവിഡ് രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പരിശീലന പദ്ധതി നിർത്തിവെച്ചിരുന്നു. ടി പദ്ധതി പുനരാരംഭിക്കുന്നതിനും കൂടുതൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു

**<u>ഹെൽത്തി കിഡ്സ് പദ്ധതി</u>**

പ്രൈമറി സ്കൂൾ തലത്തിൽ ശാരീരിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഒരു കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കേരളത്തിലെ 55 LP സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളിൽ വിവിധതരം കളികളിൽ അഭിരുചി വളർത്തിയെടുക്കാൻ സഹായിക്കുക, സ്കൂളുകളെ കായിക കേന്ദ്രങ്ങളാക്കി മാറ്റുകയും സ്കൂൾ കുട്ടികൾക്കിടയിൽ പതിവ് ശാരീരിക പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കേരളത്തിലെ വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമായി കായിക വിനോദങ്ങൾ ഉൾപ്പെടുത്തുക എന്നതാണ് അന്തിമ ലക്ഷ്യം. കൂടാതെ കേരളത്തിലെ മുഴുവൻ ലോവർ പ്രൈമറി സ്കൂളുകളിലും പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**<u>കോളേജ് സ്പോർട്സ് ലീഗ്</u>**

കോളേജ് കായിക പ്രതിഭ വികസന പദ്ധതി കോളേജ് വിദ്യാർത്ഥികളിലെ കായിക പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിച്ച് 2036 ഒളിമ്പിക്സ് ഉൾപ്പെടെയുള്ള അന്തർദേശീയ മത്സരങ്ങൾക്കായി തയ്യാറാക്കുന്നതിനുള്ള പദ്ധതിയാണ്. പരിശീലന ക്യാമ്പുകൾ, പോഷക പിന്തുണ, സ്പോർട്സ് കിറ്റുകൾ, പ്രകടന നിരീക്ഷണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഭാവിയിലെ അന്തർദേശീയ മെഡൽ ജേതാക്കളെ വളർത്തിയെടുക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

**<u>കമ്മ്യൂണിറ്റി സ്പോർട്സ് പദ്ധതി</u>**

സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക-ഫിറ്റ്നസ് പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ അവസരം ഒരുക്കി ആരോഗ്യകരമായ ജീവിതശൈലിയും സാമൂഹിക ഉൾച്ചേരലും പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ്. 14 ജില്ലകളിലായി പരിശീലനം നേടിയ പ്രവർത്തകരുടെയും യുവജന ക്ലബ്ബുകളുടെയും നേതൃത്വത്തിൽ വിവിധ കായിക പരിപാടികൾ സംഘടിപ്പിക്കും. സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ, മുതിർന്നവർ, ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കും.

**<u>ഇൻക്ലൂസീവ് സ്പോർട്സ് & പാരാലിമ്പിക്സ് നടത്തുന്നതിനുള്ള ധനസഹായം</u>**

ഭിന്നശേഷിക്കാരായ കായികതാരങ്ങളുടെ പങ്കാളിത്തവും മികവും പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത പദ്ധതിയാണ് ഇൻക്ലൂസീവ് സ്പോർട്സ് പദ്ധതി. പാരാലിമ്പിക്സ് ഉൾപ്പെടെയുള്ള മത്സരങ്ങളുടെ നടത്തിപ്പിനും ഇൻക്ലൂസീവ് സ്പോർട്സ് പ്രവർത്തനങ്ങൾക്കും ധനസഹായം നൽകുക, എല്ലാവർക്കും തുല്യ കായിക അവസരങ്ങൾ ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**<u>ട്രൈബൽ സ്പോർട്സ്</u>**

പട്ടികവർഗ വിദ്യാർത്ഥികളെ കായികരംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനും അവരുടെ സജീവ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി പ്രത്യേക കായിക വികസന പരിപാടികൾ

സംഘടിപ്പിക്കുകയും കായിക പരിശീലനം, പ്രതിഭാ കണ്ടെത്തൽ, മത്സരാവസരങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**<u>അടിസ്ഥാന സൗകര്യ വികസനം</u>**

സംസ്ഥാനത്തെ കായിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മികച്ച സൗകര്യം ഉറപ്പുവരുത്തുന്നതിനുമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള നിരവധി അടിസ്ഥാന സൗകര്യ നിർമ്മാണപ്രവൃത്തികൾ കായികവകുപ്പ് മുഖേന നടപ്പിലാക്കി വരികയാണ്. കിഫ്ബി ഫണ്ട് മുഖേനയും എം.എൽ.എ ആസ്തി വികസനഫണ്ട് മുഖേനയും കായിക വകുപ്പിന്റെ പദ്ധതിവിഹിതത്തിൽ നിന്നും തുക കണ്ടെത്തി കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം നിർമ്മിക്കുവാൻ ഉദ്ദേശിച്ച് ആവിഷ്കരിച്ച "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി" കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന സാഹചര്യത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കും.

**(ബി)** മറ്റ് സ്പോർട്സ് ഓർഗനൈസേഷനുകളുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മറ്റ് സ്പോർട്സ് ഓർഗനൈസേഷനുകളുമായി ചേർന്ന് പുതുതായി പദ്ധതികളൊന്നും തുടങ്ങാൻ നിലവിൽ ആലോചിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**